# 26. എന്നെ വീണ്ട രക്ഷകന്റെ

*(1st tune)*

W. A. Ogden




2 നിത്യജീവൻ തന്നെന്നുള്ളിൽ
ഈശൻ സ്വഭാവവും
സ്വന്താത്മാവെ പകർന്നെന്നിൽ
നിറവാം സ്നേഹവും- പാടുമേ

3 താതൻ പുഞ്ചിരി തൂകുന്നു
തൻമകനാം എന്മേൽ
അബ്ബാ പിതാവേ എന്നങ്ങു,
എൻ വിളി ഇനിമേൽ- പാടുമേ

4 ലോകം കീഴ്മേൽ മറിഞ്ഞാലും
എനിക്കില്ല ഭയം;
തിരമറിഞ്ഞലച്ചാലും
യേശു എൻ സങ്കേതം - പാടുമേ

5 സീയോൻ ലാക്കായ് ഗമിക്കുന്നു
ആശ്രയിച്ചേശുവിൽ
കർത്തൻ സുഗന്ധം തൂകുന്നു
വൈഷമ്യവഴിയിൽ - പാടുമേ

6 യേശുവേ, നിൻ തിരുനാമം
ഹാ എത്ര മധുരം,
ഭൂവിൽ ഇല്ലതിനു തുല്യം
ചെവിക്കിമ്പസ്വരം - പാടുമേ

7 ദൂതനാവാൽ പോലുമാകാ
തൻ മാഹാത്മ്യം ചൊല്ലാൻ,
ഇപ്പുഴുവോടുണ്ടോ ഇത്ര
സ്നേഹം; അത്ഭുതം താൻ പാടുമേ.